# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.-ഇ.കെ.എം(പി7)213/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.-ഇ.കെ.എം(പി7)213/23 തീയ്യതി: 12/04/2023

## എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ധീരജ് ജെ.,ഓഡിറ്റ് ഓഫീസർ

ശ്രീ ഹരീഷ് ബാബു എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അനീഷ് ടി.എസ്.,ഓഡിറ്റർ

ശ്രീ മുഹമ്മദ് ഷാഫി വി.എം.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിസി ജെയ്സൺ | പ്രസിഡന്റ് | 01-04-2021 | 15-09-2021 |
| ശ്രീമതി മിൽസി | പ്രസിഡന്റ് | 16-09-2021 | 27-09-2021 |
| ശ്രീ നിസ്സാർ മുഹമ്മദ് | പ്രസിഡന്റ് | 27-09-2021 | 20-10-2021 |
| ശ്രീമതി സീമ സിബി | പ്രസിഡന്റ് | 21-10-2021 | 31-03-2022 |
| ശ്രീമതി ഡാർളിമോൾ ചെറിയാൻ | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ മത്തായികുഞ്ഞ് ടി ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 13-07-2021 |
| ശ്രീ എം വി അജയകുമാർ | സെക്രട്ടറി | 14-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മത്തായികുഞ്ഞ് ടി ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-01-2022 |
| ശ്രീമതി സുജാത എം യു | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2022 | 31-03-2022 |
| ഡോ.റോബിൻ കെ ജോസഫ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അഭിലാഷ് കൃഷ്ണൻ | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെൻറർ | 01-04-2021 | 31-03-2022 |
| ഡോ. ഹണി സി എൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി സതി കെ കെ | ഹെഡ്മിസ്ട്രസ് ഗവ എൽ പി എസ് കടവൂർ | 01-04-2021 | 31-03-2022 |
| ശ്രീ റമീസ് പി മുഹമ്മദ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നസിയ പി എം | അസിസ്റ്റൻറ് എൻജിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ അരുൺ എസ് നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൈങ്ങോട്ടൂർ,കടവൂർ | 01-04-2021 | 13-09-2021 |
| ശ്രീ ജുനൈദ് റ്റി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൈങ്ങോട്ടൂർ,കടവൂർ | 14-09-2021 | 31-03-2022 |
| ശ്രീമതി സീന പി സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 16-10-2021 |
| ശ്രീമതി ലിവിയ ലാൽജി | ഐ സി ഡി എസ് സൂപ്പർവൈസർ | 17-10-2021 | 31-03-2022 |
| ശ്രീമതി മീര മോഹൻ | കൃഷി ഓഫീസർ | 01-04-2021 | 03-09-2021 |
| ശ്രീ സണ്ണി കെ എസ് | കൃഷി ഓഫീസർ | 04-09-2021 | 20-10-2021 |
| ശ്രീമതി അമ്പിളി സദാനന്ദൻ | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ഡോ.ജെസ്സി കെ ജോർജ് | വെറ്ററിനറി സർജൻ | 01-04-2021 | 11-11-2021 |
| ഡോ.സുമീറ ഇബ്രാഹിം | വെറ്ററിനറി സർജൻ | 12-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഗ്രാമസഭ | 1-11 |
| 13 | തൊഴി**ൽ** നികുതി-അപാകതക**ൾ** | 1-12 |
| 14 | പാരാമെഡിക്ക**ൽ** സ്ഥാപനങ്ങ**ൾ** ലൈസ**ൻ**സും രജിസ്ട്രേഷനും കൂടാതെ പ്രവ**ർ**ത്തിക്കുന്നു | 1-13 |
| 15 | ബസ് സ്റ്റാന്റ് ലേലം - കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-14 |
| 16 | വസ്തു നികുതി നി**ർ**ണ്ണയത്തി**ൽ** കുറവ് | 1-15 |
| 17 | ആസ്തി സംരക്ഷണം | 1-16 |
| 18 | സാമൂഹ്യസുരക്ഷാപെൻഷൻ | 1-17 |
| 19 | സാക്ഷരത പ്രേരക്കിന് ഓണറേറിയം | 1-18 |
| 20 | മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കിയില്ല | 1-19 |
| 21 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു | 1-20 |
| 22 | എസ്.എസ്.കെ വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-21 |
| 23 | ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 24 | ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങ**ൾ** മോണിറ്ററിങ് നടത്തുന്നില്ല | 1-23 |
| 25 | കുടുംബശ്രീയ്ക്ക് സബ്സിഡി അനുവദിച്ചതിലെ അപാകതകൾ | 1-24 |
| 26 | ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ് അനുവദിച്ചതിലെ അപാകത | 1-25 |
| 27 | ആർട്ട്കോയിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി-ടി ഡി എസ് കിഴിവ് നടത്തിയില്ല | 1-26 |

| | | |
|---|---|---|
| 28 | വൃക്ക രോഗികൾക്ക് ഡയാലിസിസ് - അപാകതകൾ | 1-27 |
| 29 | സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-28 |
| 30 | ജനകീയ ഹോട്ടൽ -പ്രവർത്തന വിവരം അറിയിക്കേണ്ടതാണ് | 1-29 |
| 31 | തുറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ-അപാകതകൾ | 1-30 |
| 32 | സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നു | 1-31 |
| 33 | വീടിനൊപ്പം ടോയ്‌ലറ്റ് ഉണ്ടായിട്ടും വീണ്ടും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തുക നൽകി | 1-32 |
| 34 | ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 1-33 |
| 35 | വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് - അധിക തുക നൽകി | 1-34 |
| 36 | ഒരേയിനം പ്രവൃത്തി വിഭജിച്ച് രണ്ട് പ്രവൃത്തിയായി കരാർ നൽകി | 1-35 |
| 37 | സ്കോളർഷിപ്പ്- അധിക നിരക്ക് നൽകി | 1-36 |
| 38 | പൊതു ടാപ്പിന്റെ വെള്ളക്കര കുടിശ്ശിക അടവാക്കിയിട്ടില്ല | 1-37 |
| 39 | അനാവശ്യമായി ഫർണിച്ചർ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കി | 1-38 |
| 40 | തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ . | 1-39 |
| 41 | ഐ.കെ.എം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-40 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-41 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി നിർണ്ണയത്തിൽ കുറവ് | 2-1 |
| ഭാഗം **3** | | |
| 1 | യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു | 3-1 |
| 2 | വീടിനൊപ്പം ടോയ്‌ലറ്റ് ഉണ്ടായിട്ടും വീണ്ടും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തുക നൽകി | 3-2 |
| 3 | വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് - അധിക തുക നൽകി | 3-3 |
| 4 | സ്കോളർഷിപ്പ്- അധിക നിരക്ക് നൽകി | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ ബജറ്റ് 19.02.2021 ലെ 1/1ാംനമ്പർ തീരുമാനപ്രകാരവും, പരിഷ്കരിച്ച ബജറ്റ് 28.02.2022 ലെ 3/1ാംനമ്പർ തീരുമാനപ്രകാരവും ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| മുന്നിരിപ്പ് | 1327715 | 8812347.28 |
| വരവ് | 95255714 | 53910387 |
| ആകെ | 96583429 | 62722734.28 |
| ചെലവ് | 93366016 | 49929488 |
| നീക്കിയിരിപ്പ് | 3217413 | 12793246.28 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും വാർഷിക ധനകാര്യപത്രികയും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 05.07.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ 15,000/-രൂപ ക്രമീകരിച്ചിട്ടില്ല.
2. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.
3. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.
4.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 21,350/-രു ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും 20,250/- രു തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5. വിവിധ ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുകയോ വിനിയോഗിക്കാത്ത തുകകൾ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ഉദാ.ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക, ഗുണഭോക്തൃവിഹിതം, കേരളോത്സവം, സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ് തുടങ്ങിയവ ഉൾപ്പെടെ.
6. സീറോ ബാലൻസ് ബാങ്ക് അക്കൗണ്ടുകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
7. റെന്റ് റിസീവ്ഡ് മുൻവർഷ കുടിശ്ശിക, തൻവർഷ വരവ് എന്നിവ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.
8. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും, കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 എഫ്).
9. ഇ-ടെണ്ടർ ഫോറ ഇനത്തിൽ ലഭിക്കുവാനുള്ള തുക ഡിമാന്റ് ചെയ്ത് I&E ഷെഡ്യൂളിലെ I-5(b)ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിലെ അദർ റിസീവബിൾ (കറന്റ്) എന്ന ഹെഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
10. 2020-2021 വർഷത്തെ ബി- 11 ഷെഡ്യൂൾ പ്രകാരം 1,76,94,718/- രൂപയാണ് എല്ലാ ആസ്തികളുടെയും ആകെ മൂല്യം. 2021-22 വർഷം RP-38 ഷെഡ്യൂൾ പ്രകാരം 27,27,512/- രൂപ വിവിധ ആസ്തി ഹെഡ്ഡുകളിൽ അകൗണ്ട് ചെയ്തിട്ടുണ്ട്. ഇപ്രകാരം ആകെ 2,04,22,230/- രൂപയാണ്. എന്നാൽ 2021-22 വർഷത്തെ B-11 ഷെഡ്യൂൾ പ്രകാരം 1,87,75,164/- രൂപയുടെ ആസ്തിയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വ്യത്യാസം 16,47,066/- രൂപ.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8812347.28 |
| വരവ് | 53910387 |

| | |
|---|---|
| ആകെ | 62722734.28 |
| ചെലവ് | 49929488 |
| നീക്കിയിരിപ്പ് | 12793246.28 |
| വരവിനങ്ങളിലുള്ള നഷ്ടം | 423 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽഅംഗീകരിക്കാത്ത തുക | 133323 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 599985 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 5975676 | 5975676 | 5940415 | 0 | 35261 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 2831118 | 2831118 | 2382318 | 0 | 448800 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 9954000 | 9954000 | 3469513 | 0 | 6484487 |
| സംരക്ഷണഗ്രാന്റ് -(റോഡിതരം) | 0 | 4916546 | 4916546 | 4853319 | 0 | 63227 |
| ധനകാര്യകമ്മീഷൻ അവാർഡ് ( UnTied) | 0 | 6373470 | 6373470 | 5046926 | 0 | 1326544 |
| ധനകാര്യകമ്മീഷൻ അവാർഡ് Tied | 0 | 3990000 | 3990000 | 2321901 | 0 | 1668099 |
| ഐ.സി.ഡി.എസ് | 729029 | 573582 | 1302611 | 1000000 | 302611 | 0 |
| എസ്.എൽ.ഡബ്ല്യൂ.എം | 177559 | 0 | 0 | 0 | 177559 | 0 |
| കേരളോത്സവം | 20000 | 0 | 0 | 0 | 20000 | 0 |
| പാന്റമിക്ക് ഗ്രാന്റ് | 0 | 525306 | 525306 | 425306 | 100000 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നട പ്പാക്കി യത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കി യത് | ഭാഗിക മായി നട പ്പാക്കി യത്- എണ്ണം | നട പ്പാക്കാ ത്തവ എണ്ണം | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശത മാനം |
|---|---|---|---|---|---|---|---|
| 148 | 63592347 | 133 | 38169003 | 130 | 3 | 15 | 87.83% |

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1294398.60 | 621497+12638(int) =634135 | 1928533.60 | 1924627 | 3906.60 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോ ക്താക്കൾക്ക് നേരിട്ട് നൽകുന്നത് (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | 0 | 19571940 | 19571940 | 19571940 | 0 |
| | 1294398.60 | 20206075 | 21500473.60 | 21496567 | 3906.60 |

ചെലവിലെ വ്യത്യാസമായ 952255 രൂപ യിൽ 945863 രൂപ മൂലധന ചെലവും,6392 രൂപ റീഫണ്ടുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3224000 | 214 |
| വിധവാപെൻഷൻ | 9086000 | 649 |
| വാർദ്ധക്യകാലപെൻഷൻ | 23162800 | 1740 |
| വികലാംഗപെൻഷൻ | 4237200 | 297 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 620800 | 42 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 121457/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പ കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ്

നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-09-2021 | 02/2021 മുതൽ 08/2021 വരെ | കിട്ടിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2008 | 1997-98 മുതൽ 2007-08 വരെ | 12.06.2008 |

## 1-11 ഗ്രാമസഭ

പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 ഗ്രാമസഭകൾ നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. 2022 വർഷത്തിൽ ആകെ നാലു തവണ വീതം ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്.

## 1-12 തൊഴിൽ നികുതി-അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഒരോ സ്ഥാപനവും ആ അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ 2021-22 ലെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 1-ാം അർദ്ധ വർഷം |
| 2 | എസ്. ബി. ഐ പൈങ്ങോട്ടൂർ | 2-ാം അർദ്ധ വർഷം |
| 3 | ലൈഫ് ലൈൻ ഹോസ്പിറ്റൽ | 1,2 അർദ്ധ വർഷങ്ങൾ |

2. കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | എസ്.ബി.ഐ പൈങ്ങോട്ടൂർ | 2-ാം അർദ്ധ വർഷം |
| 2 | ലൈഫ് ലൈൻ ഹോസ്പിറ്റൽ | 2-ാം അർദ്ധ വർഷം |
| 3 | മീര ഗ്രാനൈറ്റ്സ് | 2-ാം അർദ്ധ വർഷം |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 36, തീയതി. 14.02.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസും രജിസ്ട്രേഷനും കൂടാതെ പ്രവർത്തിക്കുന്നു

ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പാരാമെഡിക്കൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 പ്രകാരം രജിസ്ട്രേഷനും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, മറ്റ് സംരഭകത്വ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ പട്ടിക 1 പ്രകാരം ലൈസൻസും കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാണ്. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷത്തിൽ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവയില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ലൈഫ് ലൈൻ ഹോസ്പിറ്റൽ |
| 2 | മരിയ ഡെന്റൽ ക്ലിനിക് |
| 3 | ഗലീലിയോ ഡിസ്പെൻസറി |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37, തീയതി. 14.02.2023) മറുപടി ലഭിച്ചിട്ടില്ല. രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 (എ) പ്രകാരമുള്ള പിഴ മേൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടതും, സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ബസ് സ്റ്റാന്റ് ലേലം - കുടിശ്ശിക ഈടാക്കിയിട്ടില്ല

1) 2021-22 സാമ്പത്തിക വർഷത്തിൽ 23000/-രൂപയ്ക്കാണ് ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് ലേലം ചെയ്യിട്ടുള്ളത്. എന്നാൽ ലേലം ചെയ്ത വകയിൽ 14750 രൂപ കുടിശ്ശികയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39, തീയതി. 16.02.2023) മറുപടി നൽകിയിട്ടുണ്ട്. കോവിഡ് കാലമായതിനാൽ മേൽ തുക ഒഴിവാക്കുന്നതിന് കരാറുകാരൻ കമ്മിറ്റിക്ക് കത്ത് നൽകിയത് പ്രകാരം 25.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിൽ കോവിഡ് രൂക്ഷമായ നാല് മാസത്തെ തുക ഒഴിവാക്കി തീരുമാനമെടുത്തിരുന്നതായും (തീരുമാന നം. 9/1),ബാക്കി തുകയായ 7666/-രൂപ അടവാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുള്ളതായും മറുപടിയിൽ പറയുന്നു.
2) 2021-22 ലെ ബാലൻസ് ഷീറ്റ് B15 പ്രകാരം മുൻ വർഷങ്ങളിൽ ബസ് സ്റ്റാന്റ് ലേലം ചെയ്തയിനത്തിൽ ആകെ 40048/-രൂപ കുടിശ്ശിക ഉണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.39, തീയതി.16.02.2023) ടി തുക അടവാക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു. കുടിശ്ശിക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്, അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. 2021-22 ൽ 2-ാം അർദ്ധവർഷം ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളിൽ ഇപ്രകാരം വർദ്ധന വരുത്താത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 ആസ്തി സംരക്ഷണം

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡാറ്റാബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 06.01.2012, സർക്കുലർ.നം. ത.സ്വ.ഭ.വ-ഐ.ബി-1/141 /2017/ത.സ്വ.ഭ.വ തിയതി 23-08-2017 എന്നിവ മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഇതിൻ പ്രകാരം നടപടിയെടുത്തിട്ടുണ്ടോയെന്നും,20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്.ജി.ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2021-22 വർഷത്തേക്ക് ഇതുമായിബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോയെന്നും ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നം 27/2021-22 തീയതി 13/02/2023 നൽകിയെങ്കിലും ലഭ്യമാക്കിയില്ല. ആസ്തി/ ആസ്തി സംരക്ഷണപ്രവർത്തനങ്ങൾ കാലികമാക്കേണ്ടതാണ്.

## 1-17 സാമൂഹ്യസുരക്ഷാപെൻഷൻ

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | രജിസ്റ്റർ പ്രകാരം) | | |
| 1 | ഹരിലാൽ സി ഡി 106810200943 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.03.2021 | 04/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 2 | ത്രേസ്യാമ്മ മാത്യു 106810201051 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.03.2021 | 04/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 3 | മെയ്യകണ്ണൻ 106810100114 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.02.2021 | 03/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 4 | ചാക്കോ സ്കറിയ 106810200260 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 01.05.2021 | 06/21 To 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവ് |
| 5 | അന്നമ്മ വർഗ്ഗീസ് 106810600235 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 27.05.2021 | 06/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 6 | മൈതീൻ ഇബ്രാഹിം 106810200767 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03.05.2021 | 06/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 7 | ഏലമ്മ പൌലോസ് 106810200957 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 07.06.2021 | 07/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 8 | മറിയക്കുട്ടിസ്കറിയ 106810100063 | കർഷക തൊഴിലാളി പെൻഷൻ | 31.07.2021 | 08/21ലെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 9 | കുട്ടൻ നാരായണൻ 106810200184 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.12.2020 | 01/21 To 08/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. ആയതിനാൽ മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 2/2021-22 തീയതി 13/02/2023 ക്കുള്ള മറുപടിയിൽ തുക തിരിച്ചടപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 സാക്ഷരത പ്രേരക്കിന് ഓണറേറിയം

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരത പ്രേരക്കായ ശ്രീമതി ഖദീജ മുഹമ്മദ് ന് വൌച്ചർ നം 22100146 തീയതി 09/07/2021 പ്രകാരം 10360/-രൂപ തനതുഫണ്ടിൽ നിന്നും സാക്ഷരത പ്രേരകിനുള്ള ഓണറേറിയം നൽകിയിട്ടുണ്ട്. ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം, സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021 ൽ പറയുന്നുണ്ട്. ആയതു പ്രകാരം ഹോണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 22/2021-22 തീയതി 13/02/2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓണറേറിയം നൽകിയ തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കിയില്ല

2021-22വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ താഴെ പറയുന്ന മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനായി ശ്രീ.എൽദോച്ചൻ കുര്യാക്കോസ്,ശ്രീ.അഭിലാഷ് ടി ജോർജ്,ശ്രീ.രാജൻ എന്നിവർ വിവിധ വർക്കുകൾക്ക് നൽകിയ ടെണ്ടർ അംഗീകരിച്ച് ടിയാളുകളിൽ നിന്നുമാണ് മെറ്റീരിയൽസ് വാങ്ങിയിട്ടുള്ളത്. എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം (സർക്കുലർ നം. 957/ഇ ജി എസ്/1ആർ ഇ ജി എസ് തീയതി 30.07.2019) ടി.ഡി.എസ് ആയി കുറവ് ചെയ്യേണ്ട ജി.എസ്.ടി (250000/- ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക്,) കുറവ് ചെയ്യാതെ തുക നൽകിയത് മൂലം കരാറുകാർക്ക് അധിക തുക നൽകുവാനിടയായി. (ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകം കരാറാണ് ചമച്ചിട്ടുള്ളത്) വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | പ്രവൃത്തിയുടെ വിവരം, | മെറ്റീരിയൽസിന് നൽകിയ തുക | ഈടാക്കേണ്ട GST (2%) |
|---|---|---|---|---|
| 1 | 3 | കനാൽ കപ്യാരുമല റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/354960) | 324583 | 6492 |
| 2 | 8 | തോട്ടുംകരപ്പടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340235) | 359645 | 7193 |
| 3 | 8 | മണിപ്പാറ ലക്ഷം വീട് കോളനി ഇടവഴി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/356043) | 407147 | 8143 |
| 4 | 9 | കന്നാലിപ്പടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340236) | 404838 | 8097 |
| 5 | 10 | തെക്കേവീട്ടിൽപ്പടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340239) | 279998 | 5600 |
| 6 | 11 | കടവൂർ ശാന്തിഗ്രാം റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340240) | 366780 | 7336 |
| 7 | 12 | തെക്കേപുന്നമറ്റം ചെല്ലപ്പൻപ്പടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340242) | 324661 | 6493 |
| 8 | 13 | കുഴലനാട്ട് പടി കനാൽ റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/356794) | 408369 | 8167 |
| 9 | 5 | ഇരട്ടക്കാലി പാറേപ്പടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/354987) | 344976 | 6900 |
| 10 | 7 | പുതിയേടത്ത് താഴം നമ്പോലിത്താഴം റോഡ് | 320747 | 6415 |

| | | | | |
|---|---|---|---|---|
| | | കോൺക്രീറ്റിങ്ങ് (ആർ സി/355030) | | |
| 11 | 9 | തേവർകടവ് റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340237) | 401208 | 8024 |
| 12 | 12 | മഞ്ചിപ്പീടിക മില്ലുംപടി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/340241) | 398405 | 7968 |
| 13 | 7 | ഇരുപൂളുംചുവട് വെട്ടിക്കലോലി റോഡ് കോൺക്രീറ്റിങ്ങ് (ആർ സി/355032) | 318266 | 6365 |
| | | ആകെ | 4659623 | 93193 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 25/2021-22 തീയതി 13/02/2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ കരാറുകാരന് അധികമായി നൽകിയ 93193/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-20 യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു

| | |
|---|---|
| പ്രോജക്ട് | രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് ,159/2022 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 24905/-രൂപ വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | 24905/-രൂപ |
| ബിൽ നമ്പർ, തീയതി | 287/03.03.2022 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മേൽ പ്രോജക്ടിൽ രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിന്റെ ഭാഗമായി 4 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകിയിട്ടുണ്ട്. ടെന്റർ ക്ഷണിച്ചു പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ആയത് വാങ്ങി നൽകിയിട്ടുള്ളത്. 14.2.18 ലെ സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ. മാർഗ്ഗരേഖ, 26.3.18 ലെ സ.ഉ(സാധാ.) 811/18 ത.സ്വ.ഭ.വ. ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഒരു ക്ലബിന് പരമാവധി 5000 രൂപയ്ക്കുള്ള സാധനങ്ങൾ മാത്രമേ വാങ്ങി നല്കാൻ സാധിക്കുകയുള്ളൂ. അതായത് 4 ക്ലബ്ബുകൾക്ക്, 4x5000 =20000/- മാത്രമേ നൽകാനാവൂ. എന്നാൽ 4905/-രൂപ അധികം ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം ഭാഗം 3-1ൽ ചേർത്തിട്ടുണ്ട്.

## 1-21 എസ്.എസ്.കെ വിഹിതം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | എസ്.എസ്.കെ വിഹിതം, S065/22 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 100000(വികസനഫണ്ട്) |
| ചെലവ് വിവരം | 1/03.12.2021-100000/- |

2021-22 സാമ്പത്തിക വർഷം എസ്.എസ്.കെ വിഹിതമിനത്തിൽ സ്റ്റേറ്റ് പ്രോഗ്രാം ഡയറക്ടർക്ക്(എസ്.എസ്.കെ) 1,00,000/-രൂപ നൽകുകയുണ്ടായി. സ്റ്റേറ്റ് പ്രോഗ്രാം ഡയറക്ടർ(എസ്.എസ്.കെ) A3-207/22/EKM/SSK തീയതി.19.08.2022 പ്രകാരം നൽകിയ കത്തിൽ മേൽ തുക മുഴുവനായും ചെലവഴിച്ചുവെന്ന് പറഞ്ഞതല്ലാതെ എന്തൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചതെന്നുള്ള വിശദമായ വിനിയോഗ രേഖ ഹാജരാക്കിയിട്ടില്ല എന്നു കാണുന്നു. ഈ തുക ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗ വിവരം ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.01/11.02.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വിശദമായ വിനിയോഗ രേഖ ഹാജരാക്കുന്നതു വരെ 1,00,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 ലൈഫ് ഭവനനിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവന നിർമ്മാണം-പട്ടിക ജാതി വിഭാഗം,48/2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 6205000/-രൂപ വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | 2120000/-രൂപ |
| ബിൽ നമ്പർ, തീയതി | 1)8/14.06.2021-420000<br>2)17/28.06.2021-100000<br>3)42/26.07.2021-300000<br>4)58/11.08.2021-50000<br>5)65/18.08.2021-80000<br>6)77/08.09.21-120000<br>7)89/24.09.21-260000<br>8)98/12.10.2021-90000<br>9)111/01.11.2021-55000<br>10)112/02.11.2021-45000<br>11)133/29.11.2021-90000<br>12)144/07.12.2021-160000<br>13)156/04.01.2022-150000<br>14)184/14.01.2022-30000<br>15)195/19.01.2022-170000 |

പദ്ധതിയുടെ ഭാഗമായി 4,00,000 രൂപയാണ് ഗുണഭോക്താക്കൾക്ക് ലൈഫ് ഭവന നിർമ്മാണത്തിനായി നൽകുന്നത്. ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പൂർത്തീകരിക്കുന്ന മുറയ്ക്കാണ് തുക നൽകുന്നത്. എന്നാൽ താഴെപ്പറയുന്ന 5 ഗുണഭോക്താക്കൾ നാളിതു വരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നാളിതു വരെ കൈപ്പറ്റിയ തുക |
|---|---|---|
| 1 | പ്രദീഷ് പി കെ,പുതിയകോട്ടിൽ,കടവൂർ | 350000 |
| 2 | ദേവകി അയ്യപ്പൻ,വലിയ കണ്ടത്തിൽ,കടവൂർ | 200000 |
| 3 | സുജ അയ്യപ്പൻ,കൊല്ലംകുടിയിൽ,ചാത്തമറ്റം | 350000 |
| 4 | ശങ്കരൻ സി കെ,ചന്തകുന്നേൽ,പൈങ്ങോട്ടൂർ | 350000 |
| 5 | ഇ വി നാണപ്പൻ,ഇഞ്ചിക്കുഴിക്കുന്നേൽ,പൈങ്ങോട്ടൂർ | 250000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.05/11.02.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഹരിത സഹായ സ്ഥാപനത്തിന്റെ സേവനങ്ങൾ മോണിറ്ററിങ് നടത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് | ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ,127/22 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ തുക | 1,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് വിവരം | 82685/-(ബിൽ നം./തീയതി)<br>1)174/12.01.22-33074/-<br>2)260/22.02.22-16537/-<br>3)328/17.03.22-16537/-<br>4)360/21.03.22-16537/- |

മേൽ പ്രോജക്ട് പ്രകാരം നോർത്താംപ്സ് ഇ.എൻ.വി സൊല്യൂഷൻസ്,നടുവിലെ വീട്ടിൽ,ഇരുമ്പനം,തൃപ്പൂണിത്തുറ എന്ന ഹരിത സഹായ സ്ഥാപനത്തിന് 82685/-രൂപാ നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ഏർപ്പെട്ട 01.11.2021 ലെ കരാർ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് ആവശ്യമായ പരിശീലനം, ജലാശയങ്ങൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കൽ, മലിനീകരണം തടയുന്നതിനുള്ള കർമ്മ പരിപാടി തയ്യാറാക്കൽ, വിദഗ്ധർ, ടെക്നീഷ്യൻ എന്നിവരുടെ സേവനം എല്ലാ മാസവും ലഭ്യമാക്കൽ, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നൽകൽ തുടങ്ങിയ സേവനങ്ങൾ സ്ഥാപനം ഗ്രാമ പഞ്ചായത്തിനും ഹരിതകർമ്മസേനയ്ക്കും നൽകേണ്ടതായിട്ടുണ്ട്. 01.03.2019 ലെ സ.ഉ. (സാധാ)നം. 471/2019 /തസ്വഭവ ഉത്തരവ് പ്രകാരം നിയമിക്കപ്പെട്ട ഹരിത സഹായ സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്ത് പ്രതിമാസം 16537/-രൂപ വീതം പ്രതിഫലം നൽകേണ്ടതായിട്ടുണ്ട്. നിലവിൽ 5 മാസത്തെ പ്രതിഫലമാണ് നൽകിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ ഫീൽഡ് തല പ്രവർത്തനം ആരംഭിച്ചതിന്റെ

വിശദവിവരം ഹാജരാക്കേണ്ടതാണ്. അതു പോലെ മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ ലഭിക്കുന്ന യൂസർ ഫീസ് കളക്ട് ചെയ്യുന്നതിലും കൃത്യത പുലർത്തുന്നില്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.07/14.02.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 കുടുംബശ്രീയ്ക്ക് സബ്സിഡി അനുവദിച്ചതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് | സ്വയം തൊഴിൽ സംരഭങ്ങൾക്ക് സബ്സിഡി,180/22 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 1,00,000(വികസന ഫണ്ട്-എസ്.സി.പി) |
| ചെലവ് തുക | 44950 |
| ബിൽ നം /തീയതി | 394/12.03.22 |

സ.ഉ.(കൈ) നം.22/18/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 06.04.21.1.12 പ്രകാരം സംരംഭകർക്ക് നേരിട്ട് സബ്സിഡി നൽകരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ ഖണ്ഡിക 06.04.21.2 ലെ വ്യവസ്ഥകൾ പാലിച്ച് റിവോൾവിംഗ് ഫണ്ടോ (തവണകളായി തിരികെ അടക്കുന്ന രീതി), ഖണ്ഡിക 06.04.21.3 ലെ വ്യവസ്ഥകൾ പാലിച്ച്, സംരംഭകർ സ്വീകരിച്ചിട്ടുള്ള വായ്പയ്ക്ക് ഒടുക്കുന്ന പലിശയ്ക്ക് സബ്സിഡിയോ മാത്രമാണ് അനുവദനീയം. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല.

കുടുംബശ്രീ സംഘങ്ങൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭം വിപുലീകരിക്കുന്നതിനും, വായ്പ ലഭ്യമാക്കി വായ്പ സബ്സിഡി ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് അനുവദിക്കുക വഴി ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹനം നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. പദ്ധതി പ്രകാരം ആട്ട വളർത്തൽ എന്ന സംരംഭം ആരംഭിക്കുന്നതിന് ഉദയം കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്കിന്റെ (അക്കൌണ്ട് നം. 6945295000001) അക്കൌണ്ടിലേക്ക് 44950/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഉദയം കുടുംബശ്രീ ഹാജരാക്കിയ പാസ്ബുക്കിൽ വായ്പയായി നൽകിയ തുകയുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല.
മേൽ സാഹചര്യത്തിൽ സ.ഉ.(കൈ) നം.22/18/തസ്വഭവ തീയതി 14.02.2018 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത് എന്നത് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ബാങ്ക് വായ്പ ലഭിച്ചിട്ടുണ്ടെങ്കിൽ ബാങ്ക് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണെന്ന് വ്യക്തമല്ല. കൂടാതെ, കുടുംബശ്രീ മിഷൻ മുഖാന്തിരവും സംരഭകർക്ക് വായ്പയിന്മേൽ പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. പ്രസ്തുത ആനുകൂല്യം ഇതേ സംരംഭകർക്ക് ലഭ്യമാകുന്നുണ്ടോ എന്നതും വ്യക്തമല്ല. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.08/12.02.2023) മുഖേനയാവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-25 ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ് അനുവദിച്ചതിലെ അപാകത

| | |
|---|---|
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് വി.ജി.എഫ്,128/22 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 2,08,000 |
| ചെലവ് തുക | 226828 |
| ബിൽ നം /തീയതി | 334/17.03.2022 |

സ.ഉ(സാധാ)നം.2420/17/തസ്വഭവ തീയതി 15.07.2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തീയതി 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.4/2021/തസ്വഭവ തീയതി 11.01.2021 പ്രകാരം 2020-21 വർഷത്തിൽ വാർഡ് ഒന്നിന് 11600 രൂപ വീതം ഹരിത കർമ്മസേനകൾക്ക് ആറു മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ജി.ഒ(ആർടി)നം.1250/2021/തസ്വഭവ ,തിയതി.02.07.2021 പ്രകാരം 2021-22 വർഷത്തിൽ ഹരിതകർമ്മസേനകളുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിനായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലേക്കായി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം 226828/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ടായി അനുവദിച്ചിട്ടുണ്ട്. എന്നാൽ അടങ്കൽ തുക 208000/-രൂപയായിരിക്കെ 226828/-രൂപ ചെലവിനത്തിൽ ഹരിത കർമ്മസേനയ്ക്ക് അനുവദിച്ചത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.09/12.02.2023)മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അടങ്കൽ തുകയേക്കാൾ അധിക തുക നൽകിയതിലെ അപാകത വിശദീകരിക്കേണ്ടതാണ്.

1-26 ആർട്ട്കോയിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി-ടി ഡി എസ് കിഴിവ് നടത്തിയില്ല

| | |
|---|---|
| പ്രോജക്ട് | എഫ് എച്ച് സിയിലേക്കും,സബ്സെന്ററിലേക്കും ഫർണീച്ചർ വാങ്ങൽ,171/22 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| അടങ്കൽ | 300000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 300000 |
| ബിൽ നമ്പർ | 2/22.12.21 |

കേന്ദ്ര ഗുഡ്സ് & സർവ്വീസസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീയതി 08.03.2019 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എഫ് എച്ച് സിയിലേക്കും,സബ്സെന്ററിലേക്കും ഫർണീച്ചർ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം ആർട്ട്ക്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.10/12.02.2023)മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആർട്ട്ക്കോയ്ക്ക് നൽകിയ 300000/-രൂപയുടെ 2% ടി.ഡി.എസ് തുകയായ 6000/-രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 വൃക്ക രോഗികൾക്ക് ഡയാലിസിസ് - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | നിർധനരായ ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം ,34/22 |
| അടങ്കൽ | 37500 /- (വികസന ഫണ്ട്) |
| ചെലവ് | 37500 /-<br>ബിൽ നം.189/21-22, 15.01.2022 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,<br>എഫ്.എച്ച്.സി,പൈങ്ങോട്ടൂർ |

വൃക്ക രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിന് പൈങ്ങോട്ടൂർ ,എഫ്.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. ആയതിനായി എറണാകുളം ജില്ലാ പഞ്ചായത്തിലേക്ക് 37500/-രൂപ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11/12.02.2023) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 37500 /- രൂപ തടസ്സപ്പെടുത്തുന്നു.

1-28 സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | സ്ട്രെങ്ങ്തനിംഗ് ഓഫ് ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ്, 35/22 |
| അടങ്കൽ | 20000/- (വികസന ഫണ്ട്) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി |
| ചെലവ് | 20000/-<br>ബിൽ നം- 137/30.11.21 |

ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായ "സ്വന്തം"ഏർലി ഇന്റർവെൻഷൻ സെന്റേഴ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറുന്നതിലേയ്ക്കാണ് മെഡിക്കൽ ഓഫീസർ

നിർവഹണോദ്യോഗസ്ഥനായി മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. പദ്ധതി പൂർത്തിയായതിന്റെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.12/12.02.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽ പദ്ധതി പൂർത്തീകരിച്ച വിവരം അറിയിക്കുന്നതു വരെ 20000/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-29 ജനകീയ ഹോട്ടൽ -പ്രവർത്തന വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | വിശപ്പ് രഹിത ജനകീയ ഹോട്ടൽ,33/22 |
| നിർവ്വഹണം | അസി.സെക്രട്ടറി |
| അടങ്കൽ | 50000 |
| ചെലവ് | 18363 |
| ബിൽ നമ്പർ | 132/17.11.21-17681/-<br>284/03.03.22-682 |

പന്ത്രണ്ടിന പരിപാടി-മാർഗ്ഗരേഖ (സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ തീയതി.06.03.2020 പ്രകാരം വിശപ്പു രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുറഞ്ഞ വിലക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഈ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന ഹോട്ടലിന്റെ വാടകയിനത്തിലും മറ്റു ചെലവുകൾക്കുമായി അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ 18363/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹോട്ടലിൽ വിൽക്കുന്ന ആകെ ഊണിന്റെ പത്ത് ശതമാനം സമൂഹത്തിലെ നിരാലംബരായവർക്ക് സൗജന്യമായി നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിൽപ്പനയുടെ കണക്ക് പഞ്ചായത്തിന് ലഭ്യമല്ലാത്തതിനാൽ ടി നിർദ്ദേശവും പാലിക്കപ്പെടുന്നില്ല. ഉച്ച വരുമാനകാർക്ക് കുറഞ്ഞ ചെലവിൽ നല്ല ഭക്ഷണം ലഭ്യമാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടുന്ന എല്ലാ വിധത്തിലുമുള്ള സഹകരണവും, പ്രായോഗികമായ ചിന്താ രീതികളും ഇതിനാവശ്യമാണ്. ജനകീയ ഹോട്ടലുകൾ തുടങ്ങിയതിലും, തുടർപ്രവർത്തനങ്ങളിലും സർക്കാർ വിഭാവനം ചെയ്ത കാര്യങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി(നം.16.02.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് ഉചിതമായ വിശദീകരണം നൽകേണ്ടതാണ്.

## 1-30 ഉറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ-അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ ഉറസ്സായ കിണർ ശുചിത്വ കിണറാക്കി മാറ്റൽ പദ്ധതി പ്രകാരം 96,000 രൂപ ചെലവഴിച്ചു. 16ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി. ആനുകൂല്യം ലഭിച്ച 16 ഗുണഭോക്താക്കളിൽ 7 പേരെ മാത്രമാണ് ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ളതെന്ന്, ആ വർഷത്തെ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു.

ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് നിലവിലുള്ള നിയമത്തിന്റെയും മാർഗ്ഗരേഖകളുടെയും ലംഘനമാണ്. അപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ പേരുവിവരം പിന്നീട് ചേർന്ന ഗ്രാമസഭകളിൽ അവതരിപ്പിച്ച് മിനിട്സിൽ ചേർത്തിട്ടുണ്ടെങ്കിൽ ആയതും വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം.18/12.02.2023)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-31 സർക്കാർ ധനസഹായത്തിൽ വാങ്ങിയ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് | ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ(ജനറൽ),138/22 |
| നിർവ്വഹണം | വി.ഇ.ഒ,പൈങ്ങോട്ടൂർ |
| അടങ്കൽ | 190000(വികസന ഫണ്ട്) |
| ചെലവ് വിവരം | 190000/-(179/11.01.2022) |

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്ന പദ്ധതിയിൽ 2021-22 ൽ ഭൂമി ലഭിച്ച ഗുണഭോക്താക്താവിന്റെ ഫയൽ പരിശോധിച്ചത് പ്രകാരം ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയതിൽ സ്റ്റാമ്പ് ഡ്യൂട്ടി കൂടി സ്ഥലവിലയ്ക്കനുസരിച്ച് ഈ ഗുണഭോക്താവ് അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വില്പനക്കാരൻ | ആധാരം നം | ഗുണഭോക്താവ് വാങ്ങിയ മുദ്രപത്രത്തിന്റെ വില |
|---|---|---|---|
| ജോയി യോഹന്നാൻ ലിസി ജോയി, മാങ്കുഴിയിൽ, | പി പി റബേക്ക, തോലാനിക്കുന്നേൽ, | 779/4-B/17 | 15500 |

| | | | |
|---|---|---|---|
| ആയങ്കര | ആയങ്കര | | |

സ.ഉ(പി)നം.09/2020 ടി.ഡി തീയതി 30.01.2020, സ.ഉ(പി)നം.113/2020/ടാക്സസ്,തീയതി 08.09.2020, സ.ഉ(പി)നം.114/2020/ടാക്സസ്,തീയതി 08.09.2020 ഉത്തരവുകൾ പ്രകാരം സർക്കാർ നൽകുന്ന ധനസഹായത്തിൽ വാങ്ങുന്ന ഭൂമിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി,രജിസ്ട്രേഷൻ ഫീസ് എന്നിവ ഒഴിവാക്കിയതായി വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാർ ഉത്തരവുണ്ടായിട്ടും നിർവ്വഹണോദ്യോഗസ്ഥൻ പ്രസ്തുത വിവരം ഗുണഭോക്താക്കളെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതു കാരണമാണ് ഗുണഭോക്താക്കൾക്ക് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം നഷ്ടപ്പെടുവാൻ ഇടയായത്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(നം.19/12.02.2023)നൽകിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-32 വീടിനൊപ്പം ടോയ്‌ലറ്റ് ഉണ്ടായിട്ടും വീണ്ടും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തുക നൽകി

| | |
|---|---|
| പ്രോജക്ട് | ഗാർഹിക കക്കൂസ് നിർമ്മാണം,106/2022 |
| നിർവ്വഹണം | വി.ഇ.ഒ., പൈങ്ങോട്ടൂർ |
| അടങ്കൽ തുക | 539000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 491400/- |
| ബിൽ നമ്പർ/തീയതി | 252/19.02.22 |

സ്വന്തമായി ടോയ്‌ലറ്റ് ഇല്ലാത്ത 35 ഗുണഭോക്താക്കൾക്ക് ആയത് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഫോം 6 പ്രകാരം ഇവർക്കെല്ലാം തന്നെ ടോയ്‌ലറ്റ് നേരത്തെ വീടിനൊപ്പം ഉള്ളതാണെന്ന് രേഖകളുടെ പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. വിശദ വിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

### 1-33 ഹോമിയോ മരുന്ന് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം: 44/22

പ്രൊജക്ടിന്റെ പേര്: ഹോമിയോ മരുന്ന് വാങ്ങൽ.

നിർവ്വഹണം. മെഡിക്കൽ ഓഫീസർ, ഹോമിയോ.

അടങ്കൽ : 150000/-(മെയിന്റനൻസ് ഗ്രാന്റ്.നോൺറോഡ്)

ചെലവ് നം : 150000/-രൂപ.

ടി.ആർ.എൻ.നം :186933തി.7.1.2022 : 150000/-

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ പ്രകാരം 'ഹോംകോയ്ക്ക്' തുക നൽകിയിട്ടുണ്ട്. (PFNo.508/6.9.21). 69515/-രൂപയുടെ മരുന്നുകളുടെ രേഖകളാണ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുള്ളത്. ശേഷിക്കുന്ന തുകയുടെ മരുന്നുകൾ (80485/-) പിന്നീട് ലഭ്യമായതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടയി. ആയതിന്റെ വിശദാംശങ്ങൾ, രേഖകൾ സഹിതം അടുത്ത ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-34 വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് - അധിക തുക നൽകി

പദ്ധതി : 173/22

പദ്ധതി : അഡീഷണൽ പമ്പിങ്ങ് ചാർജ്(കുളപ്പുറം, ചാത്തമറ്റം)

അടങ്കൽ : 168000/- (ധന.കമ്മിഷൻ.അവാർഡ്)

ചെലവ് : 168000/-

ബിൽ നം. 3701105761/9.2.22

നിർവ്വഹണം. സെക്രട്ടറി.

അഡീഷണൽ പമ്പിങ്ങ് ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 12.5% സെന്റേജ് ചാർജ് കൂടി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് 10% മാത്രമേ സെന്റേജ് ചാർജ് നൽകേണ്ടതുള്ളൂ. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3 ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

### 1-35 ഒരേയിനം പ്രവൃത്തി വിഭജിച്ച് രണ്ട് പ്രവൃത്തിയായി കരാർ നൽകി

പദ്ധതി നം : 153/22

പദ്ധതി : ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ്.

അടങ്കൽ : 24000/-, ചെലവ്. 24000/-

ബിൽ നം, തുക. 3701448035/ 25.3.2022, 24000/-

ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 'നാഷണൽ ഇലക്ട്രിക്കൽസ് 'എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി നൽകിയിട്ടുള്ളത്. എന്നാൽ തൻവർഷം തന്നെ 152/22 നം, പദ്ധതി പ്രകാരം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ഇതേ സ്ഥാപനത്തിനെ ടെൻഡർ വഴി തെരഞ്ഞടുത്ത് 150000/-രൂപയ്ക്ക് പ്രവർത്തനാനുമതി നൽകിയിരുന്നു. ഒരേ പ്രവൃത്തി വിഭജിച്ച് ഒരേ വർഷം രണ്ട് പ്രവൃത്തിയായി നടത്തിയത് സംബന്ധിച്ച് നൽകിയ (നം.32/14.2.23) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സ്ട്രീറ്റ് ലൈറ്റുകളുടെ കൺസ്യൂമർ നമ്പറും, ഹൈമാസ്റ്റുകളുടെ കൺസ്യൂമർ നമ്പറും വ്യത്യസ്തമാണെന്നും അവയ്ക്ക് പ്രത്യേകമായാണ് തുക അടവാക്കുന്നതെന്നുമാണ്. ഒരു പഞ്ചായത്തിലെ വ്യത്യസ്ത കൺസ്യൂമർ നമ്പറുകളിലെ ലൈറ്റുകളുടെ മെയിന്റനൻസിന് പ്രത്യേകം കരാർ നൽകണമെന്ന നിബന്ധനയോ സർക്കാർ നിർദ്ദേശമോ ഇല്ല. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വെവ്വേറെ ടെൻഡർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി എന്നാണ് നിഷ്കർഷിക്കുന്നത്. അനാവശ്യമായി ചെലവും സമയവും അധികജോലിയും ഉണ്ടാക്കുന്ന മേൽ പ്രവൃത്തി സംബന്ധിച്ച പരാമർശത്തിന് ഉചിതമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 സ്കോളർഷിപ്പ്- അധിക നിരക്ക് നൽകി

| | | |
|---|---|---|
| പദ്ധതി നം. | | 8/22 |
| പദ്ധതി : | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. |
| നിർവ്വഹണം: | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ : | | 800000/- |
| ചെലവ് : | | 791550/- |
| വൗച്ചർ നം.തീയതി/ ടി.ആർ.എൻ നം | ബിൽ തുക | ഗുണഭോക്താവിന് നൽകിയ തുക |
| XVFC/21-22/p/19, 3.2.22 | 10350/- | 700/- |
| 211208000000818950 | 192775/- | 2000/- |
| 211208000000007816/13.8.21 | 49400/- | 3300/- |
| 211208000000006998/15.12.21 | 28900/- | 2000/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 6-ാം ക്ലാസിൽ പഠിക്കുന്ന ഡിനൊ ധിലീഷ് എന്ന വിദ്യാർത്ഥിക്ക് 8000/-രൂപ സ്കോളർഷിപ്പ് നൽകിയിരുന്നു.

ആറാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 6000/-രൂപയ്ക്കേ സർക്കാർ മാർഗ്ഗരേഖ പ്രകാരം അർഹതയുള്ളൂ. എന്നാൽ ടിയാന് 2000/-രൂപ അധികം നൽകുകയുണ്ടായി. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/14.2.23) ലഭിച്ച മറുപടിയിൽ അധിക തുക അടുത്ത സാമ്പത്തിക വർഷത്തിൽ അർഹമായ തുകയിൽ നിന്നും കുറവ് ചെയ്ത് ഗുണഭോക്താവിന് നൽകുന്നതാണെന്നറിയിച്ചു. 21-22 വർഷത്തിൽ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ അനർഹമായി നൽകിയ തുകയായ 2000/-രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതും, ടിയാന് അർഹതപ്പെട്ട ആനുകൂല്യം മാത്രം തുടർ വർഷങ്ങളിൽ നൽകേണ്ടതുമാണ്. തുക തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-37 പൊതു ടാപ്പിന്റെ വെള്ളക്കര കുടിശ്ശിക അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് 140 പൊതു ടാപ്പുകൾക്കായി നിലവിൽ 64318/-രൂപയാണ് പ്രതിമാസം വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നത്. എന്നാൽ 2022 മാർച്ച് 31 വരെയുള്ള കുടിശ്ശിക 4,40,40,992/-രൂപയും പിഴപ്പലിശ 8,63,789/-രൂപയുമാണ്. 4.4കോടിയിലധികം കുടിശ്ശിക വരാനുണ്ടായ സാഹചര്യവും, ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയതിന്റെ വിവരങ്ങളും വിശദമാക്കേണ്ടത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (33/14.2.23) നൽകിയിരുന്നു. വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടന്നിട്ടില്ലായെന്നും മുൻവർഷങ്ങളിൽ വെള്ളക്കരം അടവാക്കിയിരുന്നില്ല എന്നും, അടവാക്കിയിരുന്ന തുകകൾ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ വന്നിട്ടില്ലാത്തതുമാണെന്നാണ് മറുപടി തന്നിട്ടുള്ളത്. ഇത് ഗുരുതരവും ഗൗരവമേറിയതുമായ വിഷയമാണ്. എട്ട് ലക്ഷത്തിലധികം പിഴയിനത്തിൽ കുടിശ്ശികയുള്ളതിനാൽ മുൻ വർഷങ്ങളിൽ അടവാക്കാൻ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അടവാക്കിയ വെള്ളക്കരം അതോറിറ്റിയുടെ അക്കൗണ്ടിൽ വരാത്തത് സംബന്ധിച്ച് അന്വേഷണം ത്വരിതപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ധനകാര്യ കമ്മറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 അനാവശ്യമായി ഫർണിച്ചർ പ്രോജക്ട് ഏറ്റെടുത്ത് നടപ്പാക്കി

പദ്ധതി. : 149/22

പദ്ധതി : ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ.

അടങ്കൽ : 41000/-

ചെലവ് : 40898/-
നിർവഹണം : സെക്രട്ടറി

ബിൽ നം. : 3701394798/21.3.22 (179/-) ; 3701394807/21.3.22 (40719/-)

മേൽ പദ്ധതി പ്രകാരം വാങ്ങിയ ഫർണിച്ചർ ലഭിച്ച് ഒരു വർഷത്തോളമായിട്ടും വിതരണം ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് വിതരണം ചെയ്യാതിരുന്നതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/13.2.23) ലഭ്യമാക്കിയ മറുപടിയിൽ വി.ഇ.ഒ, എ.ഇ ഓഫീസുകളുടെ നവീകരണ പദ്ധതി ഏറ്റെടുത്തിട്ടുള്ളതിനാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് കൈമാറുകയുള്ളൂ എന്നാണ്. നിലവിൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ടി ഓഫീസർക്ക് കൈമാറിയെന്ന മറുപടി അംഗീകരിക്കാവുന്നതല്ല ഇത് പഞ്ചായത്ത് ഓഫീസിൽതന്നെ സൂക്ഷിച്ചിരിക്കുകയാണ്. 2022-23 വർഷവും പ്രസ്തുത പ്രവൃത്തി അവസാനിച്ചിട്ടില്ല. അപ്രകാരമാണെങ്കിൽ ഇത് ഓഡിറ്റ് വർഷത്തെ (2021-22) ആവശ്യങ്ങൾക്കുള്ള മറ്റ് പദ്ധതികൾക്കായി ഉപയോഗപ്പെടുത്താമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 2021-22 വർഷത്തേക്കായി വിഭാവനം ചെയ്ത പദ്ധതി അടുത്ത വർഷം പ്രായോഗികമായി നടപ്പാക്കാനാകില്ല എന്ന് മുൻകൂട്ടി അറിഞ്ഞുകൊണ്ട് തന്നെ തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല.

## 1-39 തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി - നിർവ്വഹത്തിലെ അപാകതകൾ .

പദ്ധതി. 152/22

പദ്ധതി. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്.

അടങ്കൽ. 150000/-

ചെലവ്. 131025/-

മേൽ പദ്ധതിക്കായി ടെൻഡർ ക്ഷണിച്ചതിൽ നിന്നും തെരഞ്ഞെടുത്ത 'നാഷണൽ ഇലക്ട്രിക്ക് വർക്ക്സ് 'എന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നൽകുകയുണ്ടായി.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ഒരു വർഷത്തേക്കുള്ള മുഴുവൻ ലൈറ്റുകളുടേയും അറ്റകുറ്റപണിക്കാണ് ടെണ്ടർ ക്ഷണിച്ച് പ്രവർത്തനാനുമതി നൽകിയത്. എന്നാൽ 2022 ഫെബ്രുവരിയിൽ പ്രവർത്തനാനുമതി നൽകി ഒരു മാസത്തിനകം തന്നെ മേൽ പറഞ്ഞ പ്രകാരം കരാറിന്റെ 87% തുകയും നൽകുകയുണ്ടായി. 11 മാസം കൂടി കരാർ ബാക്കി നിൽക്കുമ്പോൾ, 11 മാസം അറ്റകുറ്റപണി നടത്തേണ്ട തുക അറ്റകുറ്റപണി നടത്താതെതന്നെ മുൻകൂർ നല്കിയ നടപടി ക്രമവിരുദ്ധമാണ്.

2. 22.2.22 ലെ 1/5 നം ഭരണ സമിതി തീരുമാന പ്രകാരമാണ് മെയിന്റനൻസിനായി പ്രവർത്തന അനുമതി നൽകിയത്. എന്നാൽ നിയമപ്രകാരമുള്ള കരാർ ചമച്ചില്ല. (200 രൂപയുടെ ബ്ലാങ്ക് മുദ്രപത്രം മാത്രമാണ് ഫയലിലുള്ളത്.) വൈദ്യുതി ലൈൻ റിപ്പയർ പോലുള്ള പ്രധാനപ്പെട്ട പ്രവർത്തികൾക്ക് ശരിയാംവണ്ണം കരാർ ചമക്കാത്തപക്ഷം പ്രവർത്തി നിർവ്വഹണത്തിനിടയിൽ അത്യാഹിതം എന്തെങ്കിലും സംഭവിക്കുന്ന പക്ഷം അതിന് വരുന്ന സകല കഷ്ടനഷ്ടങ്ങളുടേയും ഉത്തരവാദിത്തം പഞ്ചായത്തിനും നിർവ്വഹണ ഉദ്യോഗസ്ഥനുമായിരിക്കും. കൂടാതെ കരാറിലേർപ്പെടാത്തതിനാൽ നിയമപരമായി കരാറുകാരനെതിരെ നിയമനടപടി ആവശ്യമായി വന്നാൽ ആയത് അസാധ്യമാണ്.

3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ വിളക്കുകളുടെ എണ്ണവും തരവും, പിന്നീട് നിലാവ് പദ്ധതിക്കായി കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമാക്കിയ വിളക്കുകളുടെ എണ്ണവും തരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. നിലാവിലെ കണക്ക് പ്രകാരം 507 എൽഇഡി ലൈറ്റുകൾ മാത്രമാണുള്ളത്.

4. ടെൻഡർ പ്രകാരം കരാറുകാരൻ സമർപ്പിച്ച നിരക്കുകൾ 9, 15, 20, 30 വാട്സ് എൽഇഡി ലൈറ്റുകൾക്ക് യഥാക്രമം 270,280, 500,700 എന്നിവയാണ്.ആകെ 10 വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രപ്രകാരം 10വാർഡിലും ഒരുപോലെ 18 വീതം ലൈറ്റുകൾ റിപ്പയർ ചെയ്തതായാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഏതെല്ലാം പോസ്റ്റ് നമ്പറുകളിലാണ് റിപ്പയർ ചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തെരുവ് വിളക്ക് രജിസ്റ്ററിലും വിവിധ വാർഡിലും പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5. കരാറുകാരൻ റിപ്പയർ ചെയ്തതായി പറയുന്ന ലൈറ്റുകളുടെ വിശദാംശങ്ങൾ ഇല്ലാത്തതിനാൽ പഞ്ചായത്തിലെ രേഖകളുമായി പഞ്ചായത്തിനുതന്നെ പരിശോധന സാധ്യമല്ല.

6. കരാറുകാരൻ റിപ്പയർ ചെയ്തത് മുഴുവൻ എൽഇഡിയാണ്. എന്നാൽപഞ്ചായത്തിലുള്ള രജിസ്റ്ററിൽ നിരവധി തരം ലൈറ്റുകൾ ഉണ്ട്.

7. ശരാശരി അമ്പതിനായിരം രൂപയാണ് മാസം വൈദ്യുതി ബിൽ വരുന്നത്. ബില്ലിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിൽ CFL, Fluracent Tube, Ordinary Tube, Sodiam Vapour എന്നീ ഇനങ്ങളിലായി യഥാക്രമം 150, 27, 229, 27 വിളക്കുകളാണുള്ളത്. ഇതിൽ ഓരോന്നിന്റെയും പ്രതിമാസ ഉപയോഗത്തിന്റെ നിരക്ക് യഥാക്രമം 38,79,221,531 എന്നിവയാണ്. ഇവ മേൽ പറഞ്ഞ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ക്ഷണിച്ച ടെൻഡറുമായി പൊരുത്തപ്പെടുന്നില്ല.

8. ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 10 ശതമാനം റിട്ടെൻഷൻ തുകയും ഈടാക്കിയതായി കാണുന്നില്ല.

9. കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരമുള്ള 250 വാട്ട്സുള്ള സോഡിയം വേപ്പറിന് 27 എണ്ണത്തിന് 531/- രൂപ നിരക്കിൽ 14337/ രൂപ വാടകയായി വൈദ്യുതി ബില്ലിനൊപ്പം പ്രതിമാസം പഞ്ചായത്ത് നൽകിവരുന്നുണ്ട്. ഒടുവിൽ ലഭ്യമാക്കിയ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ രജിസ്റ്ററിലെ കണക്ക് പ്രകാരം സോഡിയം വേപ്പർ തന്നെ പഞ്ചായത്തിലില്ല. എങ്കിൽ പ്രസ്തുത ഇനത്തിൽ നൽകിവരുന്ന തുക അധിക ചെലവാണ്. മേൽ ക്രമനം 9 ൽ പറഞ്ഞ പഞ്ചായത്തിന്റെ തെരുവ് വിളക്ക് രേഖകൾ പ്രകാരം പഞ്ചായത്തിൽ ഇല്ലാത്ത സോഡിയം വേപ്പർ ലൈറ്റിന്റെ വാടകയായി 14337/-രൂപയാണ് പ്രതിമാസം അടവാക്കുന്നത്. ഇത് ആവർത്തന നഷ്ടമാണ്.

പദ്ധതി നിർവ്വഹണത്തിൽ കണ്ട മേൽപറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35/14.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 ഐ.കെ.എം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

ഐ.കെ.എം.ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 1/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തീയതി | 63700382813/07.09.21 |
| തുക | 1,50,000/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 1,50,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-41 ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു :-

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 125/2022 പമ്പ് ഹൗസുകളിലെ പ്രവർത്തനങ്ങൾ | XVFC/21-22 തീയതി.27/01/22 | 44000 | 0 | 44000 |
| | 173/2022 പമ്പ് ഹൗസുകളിലെ പ്രവർത്തനങ്ങൾ | 228/22 തീയതി.16/02/22 | 168000 | 0 | 168000 |
| ആകെ | | | 212000 | | 212000 |

പദ്ധതി പ്രകാരം പവൃത്തി നിർവ്വഹിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ടി തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയത്തിൽ കുറവ്

2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളിലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള വഴി സൗകര്യത്തിന്, അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധന വരുത്തേണ്ടതാണ്. 2021-22 ൽ 2-ാം അർദ്ധവർഷം ഒക്യുപൻസി അനുവദിച്ച കെട്ടിടങ്ങളിൽ ഇപ്രകാരം വർദ്ധന വരുത്താത്തതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം | തറ വിസ്തീർണ്ണം, അടിസ്ഥാന വസ്തുനികുതി | പ്ലോട്ടിനോട് ചേർന്ന വഴിയുടെ വീതി അപ്രൂവ്ഡ് പ്ലാൻ പ്രകാരം | വാർഷിക വസ്തു നികുതി (അടിസ്ഥാന വസ്തുനികുതി + വർദ്ധന - ഇളവ്) | ഈടാക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി | കുറവ് (രൂപ) | വരവിനത്തിലെ നഷ്ടം (2-ാം അർദ്ധ വർഷത്തേത് |
|---|---|---|---|---|---|---|
| 3/277 C | 199.41 ച.മീ. 1196.46 രൂപ | 6 മീറ്റർ | 1077 | 1316 | 239 | 120 |
| 3/292 G | 24.22 ച.മീ, 968.8 രൂപ | 7 മീറ്റർ | 872 | 1066 | 194 | 97 |
| 3/292 H | 41.16 ച.മീ, 2058 രൂപ | 7 മീറ്റർ | 1647 | 2058 | 411 | 206 |
| | | | | | ആകെ | 423 |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38, തീയതി. 15.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിക്കുന്നതിനും, കുറവ് വന്ന 423/-രൂപ ഉടമയിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് - പരിധിയിലധികം തുക വിനിയോഗിച്ചു

| | |
|---|---|
| പ്രോജക്ട് / നം. | രജിസ്റ്റേർഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് , 159/2022 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |
| അടങ്കൽ | 24905/-രൂപ വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | 24905/-രൂപ |
| ബിൽ നമ്പർ, തീയതി | 287/03.03.2022 |

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയ മേൽ പ്രോജക്ടിൽ രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകുന്നതിന്റെ ഭാഗമായി 4 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകിയിട്ടുണ്ട്. ടെന്റർ ക്ഷണിച്ചതു പ്രകാരം കുറവ് തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് ആയത് വാങ്ങി നൽകിയിട്ടുള്ളത്. 14.2.18 ലെ സ.ഉ.(കൈ)22/2018 ത.സ്വ.ഭ.വ. മാർഗ്ഗരേഖ, 26.3.18 ലെ സ.ഉ(സാധാ.) 811/18 ത.സ്വ.ഭ.വ. ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഒരു ക്ലബിന് പരമാവധി 5000 രൂപയുള്ള സാധനങ്ങൾ മാത്രമേ വാങ്ങി നല്കാൻ സാധിക്കുകയുള്ളൂ. അതായത് 4 ക്ലബ്ബുകൾക്ക്, 4x5000 =20000/- മാത്രമേ നൽകാനാവൂ. എന്നാൽ 4905/-രൂപ അധികം ചെലവഴിച്ചതായി കാണുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.03/11.02.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. അധികമായി ചെലവഴിച്ച തുകയായ 4905/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 വീടിനൊപ്പം ടോയ്‌ലറ്റ് ഉണ്ടായിട്ടും വീണ്ടും ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തുക നൽകി

| | |
|---|---|
| പ്രോജക്ട് | ഗാർഹിക കക്കൂസ് നിർമ്മാണം,106/2022 |
| നിർവ്വഹണം | വി.ഇ.ഒ., പൈങ്ങോട്ടൂർ |

| | |
|---|---|
| അടങ്കൽ തുക | 539000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് തുക | 491400/- |
| ബിൽ നമ്പർ/തീയതി | 252/19.02.22 |

സ്വന്തമായി ടോയ്‌ലറ്റ് ഇല്ലാത്ത 35 ഗുണഭോക്താക്കൾക്ക് ആയത് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഫോം 6 പ്രകാരം ഇവർക്കെല്ലാം തന്നെ ടോയ്‌ലറ്റ് നേരത്തെ വീടിനൊപ്പം ഉള്ളതാണെന്ന് രേഖകളുടെ പരിശോധനയിൽ വ്യക്തമാവുകയുണ്ടായി. എന്നാൽ പദ്ധതി പ്രകാരം ഈ വ്യക്തികൾക്ക് ടോയ്‌ലറ്റ് നിർമ്മാണത്തിന് താഴെ ചേർക്കും പ്രകാരം വീണ്ടും തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സിജു ജോർജ്ജ്,കാടിക്കാട്ട്,പൈങ്ങോട്ടൂർ | 15400/- |
| 2 | രാജേഷ് സി കെ,മഞ്ജുമോൾ പി എം,ചാലിൽ,കടവൂർ | 15400/- |
| 3 | ബെന്നി ജെയിംസ്, ജിബി പൗലോസ്, പെരുമാകുന്നേൽ, പൈങ്ങോട്ടൂർ | 15400/- |
| 4 | ആന്റണി ഐപ്പ്, മരുത്വാമലയിൽ, പൈങ്ങോട്ടൂർ | 15400/- |
| 5 | ബിന്ദു എ.എ., കോട്ടക്കുടിയിൽ, കടവൂർ | 15400/- |
| 6 | എസ്തർ ചാക്കോ, തോലാനിക്കുന്നേൽ, പൈങ്ങോട്ടൂർ | 15400/- |
| 7 | ബാബു ശങ്കരൻ, പുറ്റംപുറത്ത്, പൈങ്ങോട്ടൂർ | 15400/- |
| 8 | മത്തായി ജേക്കബ്ബ്, കല്ലിരിക്കുംപറമ്പിൽ, ചാത്തമറ്റം | 15400/- |
| | ആകെ | 123200/- |

ഇത്തരത്തിലുള്ള അപാകത സംഭവിച്ചതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.20/12.02.2023) മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് നൽകിയ 1,23,200/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 വാട്ടർ അതോറിറ്റിയ്ക്ക് സെന്റേജ് ചാർജ് - അധിക തുക നൽകി

പദ്ധതി : 173/22

പദ്ധതി : അഡീഷണൽ പമ്പിങ്ങ് ചാർജ്(കുളപ്പുറം, ചാത്തമറ്റം)

അടങ്കൽ : 168000/- (ധന.കമ്മിഷൻ.അവാർഡ്)

ചെലവ് : 168000/-

ബിൽ നം. 3701105761/9.2.22

നിർവ്വഹണം. സെക്രട്ടറി.

അഡീഷണൽ പമ്പിങ്ങ് ചാർജ് ഇനത്തിൽ പഞ്ചായത്ത് വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 168000/-രൂപ അടവാക്കിയിരുന്നു. പദ്ധതിയുടെ എസ്റ്റിമേറ്റിൽ 12.5% സെന്റേജ് ചാർജ് കൂടി ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. അപ്രകാരം 128700/-രൂപയ്ക്ക് 16087.50 രൂപ നൽകിയിരുന്നു. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തികൾക്ക് വാട്ടർ അതോറിറ്റിക്ക് 10% മാത്രമേ സെന്റേജ് ചാർജ് നൽകേണ്ടതുള്ളൂ. അധിക തുക നൽകാനുണ്ടായ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/14.2.23) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ അധികം തുക അനുവദിച്ചതിലൂടെ ഉണ്ടായ നഷ്ടം(3218/-രൂപ)നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 3-4 സ്കോളർഷിപ്പ്- അധിക നിരക്ക് നൽകി

| | | |
|---|---|---|
| പദ്ധതി നം. | 8/22 | |
| പദ്ധതി : | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | |
| നിർവ്വഹണം: | ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| അടങ്കൽ : | 800000/- | |
| ചെലവ് : | 791550/- | |
| വൗച്ചർ നം./ തീയതി/ ടി.ആർ.എൻ നം | ബിൽ തുക | ഗുണഭോക്താവിന് നൽകിയ തുക |

| | | |
|---|---|---|
| XVFC/21-22/p/19, 3.2.22 | 10350/- | 700/- |
| 211208000000818950 | 192775/- | 2000/- |
| 211208000000007816/13.8.21 | 49400/- | 3300/- |
| 211208000000006998/15.12.21 | 28900/- | 2000/- |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 6-ാം ക്ലാസിൽ പഠിക്കുന്ന ഡിനൊ ധിലീഷ് എന്ന വിദ്യാർത്ഥിക്ക് 8000/-രൂപ സ്കോളർഷിപ്പ് നൽകിയിരുന്നു.

ആറാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് 6000/- രൂപയ്ക്കേ സർക്കാർ മാർഗ്ഗരേഖ പ്രകാരം അർഹതയുള്ളു. എന്നാൽ ടിയാന് 2000/- രൂപ അധികം നൽകുകയുണ്ടായി. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/14.2.23) ലഭിച്ച മറുപടിയിൽ അധിക തുക അടുത്ത സാമ്പത്തിക വർഷത്തിൽ അർഹമായ തുകയിൽ നിന്നും കുറവ് ചെയ്ത് ഗുണഭോക്താവിന് നൽകുന്നതാണെന്നറിയിച്ചു. 2021-22 വർഷത്തിൽ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥ അനർഹമായി നൽകിയ തുകയായ 2000/- രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതും, ടിയാന് അർഹതപ്പെട്ട ആനുകൂല്യം മാത്രം തുടർ വർഷങ്ങളിൽ നൽകേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | പദ്ധതിയുടെ പേര് & നം | വരവ് തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവനം(48/2022) | 710000 | 710000 | - |
| | ലൈഫ് ഭവനം(ജന)(72/2022) | 200000 | 200000 | - |
| | പാലിന് സബ്സിഡി(103/2022) | 150000 | 150000 | - |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്(85/2022) | 145400 | 145400 | - |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ്(08/2022) | 197400 | 197400 | - |
| | നെൽകൃഷി വികസനം(31/2022) | 432342 | 432342 | - |
| | ആകെ | 1835142 | 1835142 | - |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവനം (48/2022) | 455000 | 455000 | - |
| | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് (08/2022) | 197400 | 197400 | - |
| | ലൈഫ് ഭവനം(ജന)(72/2022) | 160000 | 160000 | - |
| | പാലിന് സബ്സിഡി(103/2022) | 400000 | 400000 | - |
| | ആകെ | 1212400 | 1212400 | - |

-

### 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 125/2022 പമ്പ് ഹൗസുകളിലെ പ്രവർത്തനങ്ങൾ | XVFC/21-22 തീയതി.27/01/22 | 44000 | 0 | 44000 |
| | 173/2022 പമ്പ് ഹൗസുകളിലെ പ്രവർത്തനങ്ങൾ | 228/22 തീയതി.16/02/22 | 168000 | 0 | 168000 |
| ആകെ | | | 212000 | | 212000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ /വായ്പാതിരിച്ചടവ്

2021-22 സാമ്പത്തിക വർഷത്തിൽ വായ്പ ലഭിച്ചതിന്റെയും വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ -ലൈഫ് | ജി.ഒ(എം.എസ്) 68/018/ ത.സ്വഭ.വ. Dated- 18.5.2018 | 5000000 | 39439633 | 1320000 | 4370667 | 0 | 36388966 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരം

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53910387 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49929488 |
| വരവിനങ്ങളിലുള്ള നഷ്ടം | 423 |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 133323 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 599985 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 423 | -- | ശ്രീ എം വി അജയകുമാർ, സെക്രട്ടറി. |
| 3-1 | -- | 4905 | ശ്രീമതി സതി കെ കെ,ഹെഡ്മിസ്ട്രസ്സ് |
| 3-2 | -- | 123200 | ശ്രീ ജുനൈദ് റ്റി എസ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൈങ്ങോട്ടൂർ |
| 3-3 | -- | 3218 | എം വി അജയകുമാർ, സെക്രട്ടറി. |
| 3-4 | -- | 2000 | ശ്രീമതി ലിവിയ ലാൽജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 423 | 133323 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 100000 | ശ്രീമതി സതി കെ കെ,ഹെഡ്മിസ്ട്രസ്സ് |
| 1-28 | 20000 | ഡോ.അഭിലാഷ് കൃഷ്ണൻ , മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, പൈങ്ങോട്ടൂർ |
| 1-27 | 37500 | ഡോ.അഭിലാഷ് കൃഷ്ണൻ , മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, പൈങ്ങോട്ടൂർ |
| 1-33 | 80485 | ഡോ.ഹണി സി എൻ,മെഡിക്കൽ ഓഫീസർ,പൈങ്ങോട്ടൂർ ഹോമിയോ ഡിസ്പെൻസറി |
| 1-40 | 150000 | എം വി അജയകുമാർ, സെക്രട്ടറി. |
| 1-41 | 212000 | എം വി അജയകുമാർ, സെക്രട്ടറി. |
| ആകെ | 599985 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 93193 | ശ്രീമതി സുജാത എം യു, അസി.സെക്രട്ടറി |
| 1-26 | 6000 | ഡോ.അഭിലാഷ് കൃഷ്ണൻ , മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, പൈങ്ങോട്ടൂർ |
| ആകെ | 99193 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും , ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | എം വി അജയകുമാർ, സെക്രട്ടറി | സെക്രട്ടറി, പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | മേച്ചേരിൽ വീട്, കൂത്താട്ടുകുളം പി. ഒ, |
| 2 | ശ്രീമതി സുജാത എം യു, | സെക്രട്ടറി,മുത്തോലി ഗ്രാമപഞ്ചായത്ത് | തടത്തിൽ വീട്,കരിമണ്ണൂർ പി.ഒ,ഇടുക്കി |

| | | | |
|---|---|---|---|
| | അസി.സെക്രട്ടറി | | |
| 3 | ഡോ.അഭിലാഷ് കൃഷ്ണൻ , മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,ഫാമിലി ഹെൽത്ത് സെന്റർ, പൈങ്ങോട്ടൂർ | ശാന്ത ഭവൻ, തൊടാപറമ്പ്, ക്ലുവപ്പടി പി.ഒ-683544 |
| 4 | ശ്രീമതി സതി കെ കെ,ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ.എൽ പി എസ്, കടവൂർ | കുന്നിക്കൊമ്പിൽ വീട്,വണ്ണപ്പുറം പി.ഒ,തൊടുപുഴ |
| 5 | ശ്രീ ജുനൈദ് റ്റി എസ്,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പൈങ്ങോട്ടൂർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പിണ്ടിമന ഗ്രാമപഞ്ചായത്ത് | താന്നിക്കൽ വീട്, ആനിക്കാട്, ആവോലി പി.ഒ, 686677 |
| 6 | ഡോ.ഹണി സി എൻ,മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ,ആയുഷ് ഹോമിയോ,നാഗപ്പുഴ പി.ഒ,കല്ലൂർക്കാട് | ചാത്തനോടിയിൽ വീട്,ആയവന പി.ഒ,മൂവാറ്റുപുഴ |
| 7 | ശ്രീമതി ലിവിയ ലാൽജി,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | എടക്കാട്ട്കുടി,കോഴിപ്പള്ളി പി ഒ,കോതമംഗലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Ii)/2018/ 22.9.2018 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Iii)/2018/ 22.9.2018 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Iv)/2018/ 22.9.2018 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(V)/2018/ 22.9.2018 (പദ്ധതി വിഹിതം ഒഴികെ ചെലവ്) |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Vi)/2018/ 22.9.2018 (പദ്ധതി വിഹിതം ) |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Vii)/2018/ 22.9.2018 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Viii)/2018/ 22.9.2018 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Ix)/2018/ 22.9.2018 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(X)/2018/ 22.9.2018 |
| 2006-07 | എൽ.എഫ്.ഇ.(പി7)864/12/14.06.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7)865/12/14/06.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7)866/12/14.06.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7)867/12/14.06.2012 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി7)1613/13/11.09.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി7)616/15/12.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.7) 502(Xi)/2018/ 22.9.2018 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) 2236/2016 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി7) 1658/2017/10.10.2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി7) 120/2019/15.02.2019 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം (പി7) 259/2020/12.03.2020 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം (പി7)/1812/21 ,07.06.2022 |
| 2020-21 | കെ.എസ്.എ-ഇ.കെ.എം (പി7)/1813/21 ,07.06.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്